പതിനാലാം കേരള നിയമസഭ

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5429 — 24.05.2017 ൽ മറുപടിയ്ക്ക്

## ഇ-ഓഫീസ് സംവിധാനത്തിലെ പോരായ്മകൾ

| ചോദ്യം<br>**ശ്രീ.പി.കെ.ബഷീർ** | | മറുപടി<br>**ശ്രീ.പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** | |
|---|---|---|---|
| (എ) | ഇ-ഓഫീസ് നടപ്പിലാക്കിയ വകുപ്പുകളിൽ ഒരേവിഷയത്തിൻമേൽ ഫിസിക്കൽ ഫയലും ഇ -ഫയലും ഉപയോഗിക്കുന്നതു മൂലം അത് കൈകാര്യം ചെയ്യുന്നവർക്ക് ഇ-ഓഫീസിന്റെ പ്രയോജനം ലഭിക്കാതെ വരുന്നതും ജോലിഭാരം ഇരട്ടിയാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; തുടർച്ചയായി ഇ-ഓഫീസ് ഉപയോഗിക്കുന്നതുമൂലം ജീവനക്കാർക്ക് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ ക്കുറിച്ച് പ്രത്യേകിച്ച് കണ്ണിനും കഴുത്തിനും മറ്റുമുള്ള സ്ട്രെയിൻ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; എങ്കിൽ തുടർച്ചയായി കമ്പ്യൂട്ടർ മോണിറ്റർ നോക്കി ഫയൽ വർക്ക് ചെയ്യുമ്പോൾ ജീവനക്കാർക്ക് ആരോഗ്യപരമായി ഉണ്ടാകുന്ന പ്രശ്നങ്ങൾ കൂടി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും | ഇ-ഫയലിംഗ് പൂർണ്ണമായും എല്ലാ വകുപ്പുകളിലും ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും , ചില വകുപ്പുകളിൽ ഒരേ വിഷയത്തിൻമേൽ ഫിസിക്കൽ ഫയലും ഇ-ഫയലും ഉപയോഗിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, ആയത് കർശനമായി വിലക്കിക്കൊണ്ട് 25/02/2017-ലെ IT Cell 2/63/2017/വി.സ.വ നമ്പർ സർക്കുലർ പ്രകാരം ഇ-ഫയലിംഗ് സംബന്ധിച്ച് വിവിധ നിർദ്ദേശങ്ങൾ എല്ലാ സെക്രട്ടറിമാർക്കും, വകുപ്പുകൾക്കും സെക്ഷനുകൾക്കും നൽകിയിട്ടുണ്ട്.<br>തുടർച്ചയായി ഇ-ഓഫീസ് ഉപയോഗിക്കുന്നതുമൂലം ജീവനക്കാർക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. |
| (ബി) | തുടർച്ചയായി ഇ-ഓഫീസ് ഉപയോഗിക്കുന്നതുമൂലം ജീവനക്കാർക്ക് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ ക്കുറിച്ച് പ്രത്യേകിച്ച് കണ്ണിനും കഴുത്തിനുമുള്ള സ്ട്രെയിൻ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | | |
| (സി) | എങ്കിൽ ജീവനക്കാർക്ക് ആരോഗ്യപരമായി ഉണ്ടാകുന്ന പ്രശ്നങ്ങൾകൂടി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**